കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – വിമുക്ത ഭടന്മാരുടേയും അവരുടെ വിധവകളുടേയും യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വീടുകളെ വീട്ടുകരം (പ്രോപ്പർട്ടി ടാക്സ്) അടക്കുന്നതിൽ. നിന്നും 2004–2005 രണ്ടാം അർദ്ധ വർഷം മുതൽ ഒഴിവാക്കിയത്–ഗ്രാമപഞ്ചായത്തുകൾക്കു കൂടി ബാധകമാക്കി കൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (എൽ) വകുപ്പ്

**സ.ഉ.(എം.എസ്) നമ്പർ. 111/2005/തസ്വഭവ. തിരുവനന്തപുരം, തീയതി: 23 .04.2005**

---

പരാമർശം:– 1. 1.1.2005–ലെ സ.ഉ.(എം.എസ്) നമ്പർ.3/05/തസ്വഭവ. നമ്പർ ഉത്തരവ്.
2. 14.3.2005–ലെ സൈനിക ക്ഷേമ ഡയറക്ടറുടെ ടലി.0471/2304980 നമ്പർ കത്ത്.
3. 16.3.2005–ലെ പഞ്ചായത്ത് ഡയറക്ടറുടെ സി3–5203/05 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം വിമുക്തഭടന്മാരെയും അവരുടെ വിധവകളുടെയും അവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വീടുകളെ, 1994–ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് 281(2) വകുപ്പ് നൽകുന്ന അധികാരം ഉപയോഗിച്ച് വീട്ടുകരം അടയ്ക്കുന്നതിൽ നിന്നും 2004–05 രണ്ടാം അർദ്ധ വർഷം മുതൽ ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിൻ പ്രകാരമുള്ള ആനുകൂല്യം പഞ്ചായത്തു പ്രദേശങ്ങളിൽ കൂടി ബാധകമാക്കണമെന്ന് പരാമർശം രണ്ട് പ്രകാരം സൈനിക ക്ഷേമഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1994–ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 207–ാം വകുപ്പ് 2–ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം വിനി.

യോഗിച്ച് പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം പഞ്ചായത്തു പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് കൂടി ബാധകമാക്കി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

വി.ഐ.അമ്മിണിക്കുട്ടി
ജോയിന്റ് സെക്രട്ടറി

1. സൈനിക ക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും ലഭ്യമാക്കുന്നതിന്)
3. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
4. പൊതുഭരണ (സൈനിക ക്ഷേമ) വകുപ്പ്

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (റൂറൽ) യുടെ സി.എ.ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ) യുടെ സി.എ.ക്ക്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.